"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആറ്റുകാൽ പൊങ്കാല മഹോത്സവം 2026 - ധനാനുമതി - തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1084/2026/LSGD തീയതി,തിരുവനന്തപുരം, 01-06-2026

---

പരാമർശം:-

1. 17/02/2025-ലെ സ.ഉ.(സാധാ)നം.491/2025/തസ്വഭവ.
2. 05/05/2026-ലെ സ.ഉ (സാധാ) നമ്പർ 4083/2026/ധന.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 05/02/2026-ലെ DCTVM/12567/2024-S9 നമ്പർ കത്ത്.

**ഉത്തരവ്**

2025-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകൾ നടത്തേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിർവ്വഹണ ഏജൻസികൾ സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ 1,99,47,421/- (ഒരു കോടി തൊണ്ണൂറ്റിയൊമ്പതു ലക്ഷത്തി നാൽപത്തിയേഴായിരത്തി നാനൂറ്റി ഇരുപത്തൊന്നു രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും, ടി തുകയുടെ വിനിയോഗാനുമതി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നൽകിയും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) ആറ്റുകാൽ പൊങ്കാല മഹോത്സവത്തോട് അനുബന്ധിച്ച് ചുവടെ ചേർക്കുന്ന പട്ടികയിൽ പരാമർശിക്കുന്ന ആകെ 49,20,000/- രൂപയുടെ (നാൽപത്തിയൊമ്പത് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത തുക അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

| Sl. No. | Name of Work | Bill Amount (₹) | Estimate Amount (₹) |
|---|---|---|---|
| 1. | MSK Nagar Road Retaring in Kuryathi Ward | 5,47,951/- | 5,00,000/- |
| 2. | Saraswathy Nagar Lane - 1&2 Retaring in Chala Ward | 3,33,129/- | 3,10,000/- |
| 3. | Irukulangara Temple Road Maintenance in Kamaleswaram Ward | 5,48,686/- | 5,00,000/- |
| 4. | Aaradhana Eye Hospital Road Retaring in Chala Ward | 1,13,895/- | 1,10,000/- |
| 5. | Padijarekkotta JP Nagar Kothalam Road Maintenance in Perumthanni Ward | 5,45,118/- | 5,00,000/- |
| 6. | Various Road Maintenance in Therakam Area | 10,62,684/- | 10,00,000/- |
| 7. | Various Road Maintenance in Attukal Temple Area | 10,83,063/- | 10,00,000/- |
| 8. | Various Road Maintenance in Iranimuttom Area | 10,88,431/- | 10,00,000/- |
| | **Total** | **55,42,191/-** | **49,20,000/-** |

3) ആയതിന്റെ അടിസ്ഥാനത്തിൽ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോട് അനുബന്ധിച്ചുള്ള പ്രവൃത്തികൾക്ക് 49,20,000/- (നാൽപ്പത്തിയൊമ്പതുലക്ഷത്തി ഇരുപതിനായിരം) രൂപയുടെ ധനാനുമതി പരാമർശം (2) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു.

4) മേൽ സാഹചര്യത്തിൽ നടപ്പ് സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുൻപ് അധിക ധനാനുമതിയായി അനുവദിച്ച തുക ധന പുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി ക്രമീകരിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ശീർഷകത്തിന്റെ ചുമതലയുള്ള കൺട്രോളിംഗ് ഓഫീസർ സ്വീകരിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ **49,20,000/ - (നാൽപ്പത്തിയൊമ്പതുലക്ഷത്തി ഇരുപതിനായിരം) രൂപ "2217-01-800-94 ആറ്റുകാൽ പൊങ്കാല ഉത്സവത്തിനുള്ള ധനസഹായം"** എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി.എസ്.എസ്.എ), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)

ധനകാര്യ (വികസന) വകുപ്പ് (08.05.2026-ലെ 3435593/DEV-2/47/2026-FIN പ്രകാരം)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (File No.IA2/30/2026/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 01-06-2026 13:17:26

സെക്ഷൻ ഓഫീസർ